(സി) ഇല്ല. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതകൊണ്ടും കമ്പനി ലാഭകരമായി നടത്തുവാൻ സാദ്ധ്യത തീർത്തും നഷ്ടപ്പെട്ടതായി പഠനത്തിലൂടെ തെളിഞ്ഞിരിക്കുന്നതുകൊണ്ടും ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) തീരുമാനിച്ചിട്ടില്ല.

വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേകം തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടി

7. [1389] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേക തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആൻ" (ബി) വിമുക്തഭടൻമാർക്കായി പ്രത്യേക തൊഴിൻ പദ്ധതി ആവിഷ്ക്കരിക്കാൻ ഖാദിബോർഡ് ഇപ്പോഴം ഉദ്ദേശിക്കുന്നില്ല.

ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി

8.[1391] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി നടപ്പാക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ പരിപാടികളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖാദിമേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തണമെന്ന് ഖാദി തൊഴിലാളി യൂണിയനുകളിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) ഖാദി തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ കോസ്റ്റുചാർജ് പ്രകാരമാണ്. ആയതിനാൽ ഖാദിബോർഡിനോ ഖാദി യൂണിറ്റുകൾക്കോ ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കാൻ നിലവിലുള്ള സംവിധാനം അനുവദിക്കുന്നില്ല.

ഖാദിഗ്രാമ വ്യവസായോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നടപടി

9. [1392] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിൽ വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly